# പ്രഭാത നമസ്ക്കാരം

(ഇതിൽ രാത്രി, പ്രഭാതം, മൂന്നാംമണി, ഉച്ച, ഒമ്പതാംമണി എന്നീ യാമങ്ങളിലെ പ്രാർത്ഥനകൾ അടങ്ങിയിരിക്കുന്നു)

**രാത്രി ഒന്നാം കൗമാ**

**ദൈവമെ നീ പരിശുദ്ധനാകുന്നു ---**

**പ്രാരംഭ പ്രാർത്ഥന**

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ! / നിന്റെ ഉണർവിനെസ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ / മരണമില്ലാത്ത ജീവനുള്ളവനേ! / നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായി മരണവും നാശവുമാകുന്ന ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമേ / പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ!/നീ മാത്രം സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട് / നിന്നെ സ്തുതിക്കുന്ന സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച്/വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലായപ്പോഴും എന്നേക്കും നിന്നെ സ്തുതിച്ചു വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമേൻ.

**അപേക്ഷകൾ**

തന്റെ സൃഷ്ടിയുടെ രക്ഷയിൽ സന്തോഷിക്കുന്നവനായ ദൈവംതമ്പുരാനേ! / യോനായെപ്പോലെ നിന്നെ ഞങ്ങൾ വിളിക്കുന്നു / സമുദ്രത്തിന്റെ ആഴത്തിൽ നിന്ന് അവനെനീ രക്ഷിച്ചതുപോലെ ഞങ്ങളെയും നീ രക്ഷിക്കേണമേ / നിന്റെ ഏറിയ കരുണയാൽ ദുഷ്ടനിൽ നിന്നും അവന്റെ ശക്തിയിൽ നിന്നും

# Prabhaatha Namaskaram

*(Ethil rathri, prabhatham,moonammani ucha, onpatham mani enni yamangalile prarthanakal adangiyirikkunnu)*

Rathri Onnam kumma

Daivame nine parisudhanakunnu...

Prarambha prarthana

Urakkmillatta unarvullavnaya Ente Karthave! Ninteunarvine sthuthippaana yittu paapa muzhukalil ninnu njangalude urakkathe nee unarthaname. Mara-nammillaatha jeevanullavane! Ninte karunaye njangal vannippaanaayi maranavum naashavumaakunna urak kathil ninnu njangalude maranthe nee jeevippikkaname. Pithavum, Puthranum, Parishudha roohaayumaayullove! nee mathram swargathilum bhoomiyilum nee sthuth ikkappettavanum vazthappet tavanum aakakondu Ninne sthuthi kkunna swarg eeya maalakamaarude mahathawamulla kootangalod onnichu vishudhiyodukoodi ippozhum ellaay pozhum ennekkum Ninne sthithichu vazhthuvaan njangale yogyarakkename.

Amen.

**Apekshakal**

Thante srushtiyude rakshayil santho shikkunnavanaya daivamthamburane! Yonayeppole ninne njangal vilikkunnu. Samudhrathinte aazhathil ninnu avane nee rekshichathupole njangaleyum nee rakshikkaname. Ninte yeria karunayal dushtanil ninnu avante sakthiyil ninnum njangale rakshichukollaname.

ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.

കർത്താവേ! നിന്റെ ജനത്തിന്റെ കടങ്ങളും പാപങ്ങളും പെരുകിയിരിക്കുന്നതിനാൽ / നിന്റെ കരുണ മൂലം ഞങ്ങളോടു നിരപ്പാകണമേ / നിനുവാക്കാരുടെ മേലുള്ള ന്യായത്തീർപ്പിനെ മായിച്ചതുപോലെ / ഞങ്ങളിൽ നിന്ന് ശിക്ഷയെ നീക്കിക്കളയണമേ / ഈ താൽക്കാലിക ലോകത്തിലെ ദുഃഖങ്ങളിൽ നിന്ന് ഞങ്ങളെ വീണ്ടുകൊള്ളണമേ.

ഞങ്ങളുടെ കർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നു / ഞങ്ങളുടെ സഹായത്തിന് എത്തി, ഞങ്ങളുടെ അപേക്ഷ കേട്ട് / ഞങ്ങളോട് കരുണ ചെയ്യണമേ. ദൈവമേ ഞങ്ങളോട് ഉത്തരമരുളണമേ /ദൈവമേ ഞങ്ങളോട് ഉത്തരമരുളി കരുണ ചെയ്യണമേ / ഞങ്ങളുടെ ഹൃദയത്തെ അനുതാപത്തിലേക്കു തിരിക്കുകയും ചെയ്യണമെ.

Karthave ninte janathinte kadangalum papangalum perukiyirikkunnathinal ninte karuna moolam njangalodu nirappakaname. Ninuvakkarude melulla njayatheerppine mayichathupole njangalil ninnu sikshaye neekki kalayaname. Yee thalkkalikalokathile dukkangalil ninnu njangale veendu kollaname.

Njangalude karthave! Ninne njangal vilikkunnu, njangalude sahayathinethi njangalude apekshakettu, njangalode karuna cheyyaname. Daivame njangalodu utharamarulaname. Daivame njangalodu utharamaruli karuna cheyyaname. Njangalude hrudayathe anuthapathilekku thirikkukayum cheyyaneme.

## രണ്ടാം കൗമ

കർത്താവിന്റെ ബഹുമാനം ......

കർത്താവേ! നിനുവാക്കാർ നോമ്പുനോറ്റ് ദൈവകോപത്തിൽ നിന്ന് രക്ഷപ്രാപിക്കുകയും / നെടുവീർപ്പോടെ കണ്ണുനീർ ഒഴുക്കുകയും ചെയ്തു / ഞങ്ങളും നിത്യജീവൻ നേടാനായ് അദ്ധ്വാനിക്കുകയും / വിശുദ്ധന്മാരോടൊന്നിച്ച് പ്രകാശങ്ങളുടെ മണവറയിൽ ആനന്ദിക്കുകയും ചെയ്യുമാറാകണമേ.

നിനുവാക്കരുടെ അനുതാപവും പ്രാർത്ഥനയും കൈക്കൊണ്ട ദൈവമേ!/ നിന്നെ വിളിക്കുന്ന അടിയാരോട് ഉത്തരമരുളുകയും / ഞങ്ങളുടെ നോമ്പും പാർത്ഥനയും കൈക്കൊണ്ട് / ഞങ്ങളോട് കരുണ ചെയ്യുകയും ചെയ്യേണമേ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു

## Randaam Kauma

(Karthavinte Bahumanam....)

Karthave ninuvakkar nombunotu daivakopathil ninnu rakshaprapikkukayum neduveerpode kannuneer ozhukkukayum chaithu. Njangalum nithyajeevan nedanayi advanikkukayum vizhudhanmar odonnichu prakasangalude manava rayil anandikkukayum chiyumaraka name.

Ninuvakkarude anuthapavum prarthanayum kaikonda daivame! ninne vilikunna adiyarodu utharamarulukayum njagalude nombum prarthanayum kaikondu njangalodu karuna cheyukayum chaiyaname.

Njangalude karthave! njangalodu karuna chaiyaname. Ninte sreebhandar

കരുണ ചെയ്യണമെ / നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് ദയവും കരുണയും മോചനവും ഞങ്ങൾക്കയച്ചു തരേണമേ.

പ്രാർത്ഥനകൾ കേൾക്കുന്നവനും, യാചനകൾക്ക് ഉത്തരമരുളുന്നവനുമായ കർത്താവേ! ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളോടു നിരപ്പായി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്കുത്തരമരുളണമേ.

## മൂന്നാം കൗമ

(കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത്....)

കർത്താവേ! നിന്റെ ന്യായവിസ്താരത്തിൽ പക്ഷഭേദമില്ലാത്തതിനാൽ / കുറ്റക്കാരായ ഞങ്ങൾ ദുഃഖിക്കുന്നു / ജീവന്റെ പുസ്തകങ്ങൾ തുറക്കപ്പെടുകയും / നിന്റെ നീതി ഞങ്ങളുടെ കുറ്റങ്ങൾ പരിശോധിക്കുകയും ചെയ്യുമ്പോൾ / നിന്റെ കൃപയാൽ ഞങ്ങളോടു ദയവുണ്ടാകണമേ. നിന്റെ കൃപ നിന്റെ നീതിയോട് അപേക്ഷിക്കുകയും കുറ്റക്കാരായ ഞങ്ങൾ മോചനം പ്രാപിക്കുകയും ചെയ്യണമേ / കർത്താവേ! നിന്നോടു ഞങ്ങൾ പാപം ചെയ്തു എന്ന് ഏറ്റു പറയുന്നു.

സമുദ്രത്തിന്റെ ഉള്ളിൽ വെച്ച് യോനായുടെ അപേക്ഷ നീ കൈക്കൊണ്ട് / വലിയ മത്സ്യത്തോടു കല്പിക്കുകയും, മൂന്നാം ദിവസം അവനെരക്ഷിക്കുകയും ചെയ്തതുപോലെ / ദൈവമേ! ഞങ്ങളുടെ പ്രാർത്ഥനകേട്ട് നിരപ്പായി, നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ സ്വീകരിക്കുമാറാകണമേ.

പാപികളോടു കരുണ ചെയ്യുന്നവനായ കർത്താവേ! / നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ.

കരുണയുള്ളവനേ! ഞെരുക്കത്തിലി

athil ninnu dayayum karunayum mochanavum njangalkkayachu tharaname.

Prarthanakal kelkkunnavanum yachanakalkku utharamarulunnavanumaya karthave! njagalude prarthanakal keettu njangalodu nirappayi ninte karunayal njangalude yachanakalkutharamarulename.

## Moonnam Kauma

(Karthavente bhahumanam thante sthananthu...)

Karthave ninte nyayavistharathil pakshabhethamillathathinal kuttakkaraya njangal dukkikunnu. Jeevante pusthakangal thurakkappedukayum ninte neethi njangalude kuttangal parisodikkukayum cheyyumbol ninte kripayal njangalodu dayavundakaname. Ninte kripa ninte neethiyodu apekshikkukayum kuttakkaraya njangal mojanamprapikkukayum cheyyaname. Karthave ninnodu njangal papam chaithu yennu yettu parayunnu.

Samudrathinte ullil vachu Yonayude apeksha nee kaikondu valiya malsyathodu kalpikkukayum moonnam divasam avane rekshikkukayum chaithathupole Daivame njagalude prarthana kettu nirappayi ninte karunayal njangalude yajanakal nalkumarakaname.

Paapikalodu karuna cheyyunnavanaya Karthave! Nee nyaayam vistharikunna divasthil njangalodu karuna cheyyaname.

Karuna ullavane! Njerukanthilirri

രിക്കുന്ന ഞങ്ങൾ നിന്റെ വാതിലിൽ മുട്ടുന്നു / നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ കൈക്കൊള്ളണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! / ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു / ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമേ / ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ. ആമ്മീൻ.

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ,
ദൈവമേ നിനക്കു സ്തുതി
ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ,
ദൈവമേ നിനക്കു സ്തുതി
ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ,
ദൈവമേ നിനക്കു സ്തുതി

കരുണയുള്ള ദൈവമേ / നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ / കർത്താവേ കരുണ ചെയ്തു ഞങ്ങളെ സഹായിക്കണമേ.

ത്രിത്വത്തിനു സ്തുതി / ത്രിത്വത്തിനു സ്തുതി / ത്രിത്വത്തിനു സ്തുതി / സ്തുതിക്കപ്പെട്ടതും ഉണ്മയായതും, ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു / ദൈവമേ എല്ലാ നേരത്തിലും സ്തുതി നിനക്കു യോഗ്യമാകുന്നു.

## അപേക്ഷ

കർത്താവേ! ദുരിതത്തിന്റെ കുഴിയിൽ നിന്നും, നാശത്തിന്റെ ചെളിയിൽ നിന്നും, പുറത്തെ അന്ധകാരത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ / ലോകാവസാനത്തിൽ സഹദേൻമാർ കിരീടം പ്രാപിക്കുമ്പോൾ / അവരോടൊന്നിച്ച്

Kunna njangal Ninte vaathilil muttunnu. Ninte karunayaal njangalude yaacha nakal kaikollaname.

Swargasthanaaya njangalude Pithave! njangal ninnodu apekshikunnu. Njangalude shushroosha kaikondu njangalodu karuna cheyyaname.

Melullavarude udayavanum thazhe ullavarude saranavume njangalude shushrusha kaikondu njangalodu karuna cheyyaname. Amen.

Halleluiah, halleluiah, halleluiah,
Daivame Ninnakku sthuthi
Halleluiah, halleluiah, halleluiah,
Daivame Ninnakku sthuthi
Halleluiah, halleluiah, halleluiah,
Daivame Ninnakku sthuthi

Karunayulla daivame! Ninte karuna yaal njangalodu karuna cheyyaname Karthave karunachaithu njangale sahay ikkaename

Thrithwathinu sthuthi; Thrithwathinu sthuthi; / Thritwabnu sthuthi sthuthikkappetta thum unmayayathum, aadiyum anthavum illathathumaaya, thrithwathe njangal sthuthkkunnu. Daivame! Ella nerathilum sthuthi ninakku yogyamaakunnu.

## Apeksha

Karthave durithathinte kuzhiyil ninnum nasathinte cheliyil ninnum purathe andhakarathil ninnum njangale rakshikkaname. Lokavasanathil Sahaden mar kireedam prapikkumbol avaro donnichu manavarayilekku njangalum

മണവറയിലേക്ക് ഞങ്ങളും പ്രവേശിച്ച് / നിനക്കു സ്തുതി പാടുമാറാകണമേ

കർത്താവേ! നിന്നോടുള്ള ചേർച്ചയിൽ നിന്ന് അകന്നു പോകാതിരിപ്പാൻ / ഞങ്ങൾ ആഗ്രഹിക്കുന്നു / പാപം ഞങ്ങളെ പുറത്താക്കിയെങ്കിലും നിന്റെ ആർദ്രസ്നേഹം ഞങ്ങളെ അകത്തു കയറ്റണമേ / പാപം ഞങ്ങൾക്കായി പതിയിരുന്ന് / ദയവു കൂടാതെ ഞങ്ങളെ വളരെ മുറിവേല്പിച്ചിരിക്കുന്നു / മഹാ വൈദ്യനായുള്ളോവേ! / ഞങ്ങളെ വേദനപ്പെടുത്തുന്ന മുറിവുകളെ നീ സൗഖ്യമാക്കണമേ.

ദുഷ്ടൻ ഞങ്ങൾക്കായി വലവെച്ച്, അവന്റെ കെണിയിൽ ഞങ്ങളെ അകപ്പെടുത്തിയിരിക്കുന്നു / നീ അവന്റെ കെണിയെ തകർത്ത് / അപകടത്തിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ / നല്ല ഇടയനായുള്ളോവേ! / കാണാതെ പോയ ആടിനെഅന്വേഷിച്ചു പുറപ്പെടണമേ/ അതിന്റെ ജിവനെഅന്വേഷിക്കുന്ന ദുഷ്ടന്റെ കൈകളിൽ അതിനെവിട്ടു കൊടുക്കരുതേ.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമായ ദൈവമേ, ഞങ്ങളുടെ അപേക്ഷകേട്ട്, ഞങ്ങളോട് കരുണ ചെയ്യണമേ.

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ മാലാഖമാരും പ്രധാനമാലാഖമാരും സ്തുതിക്കുന്നതു പോലെ / ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിച്ചു പറയുന്നു.

എല്ലാക്കാലത്തും എല്ലാ നേരത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും

pravesichu ninakku sthuthi padumara kaname.

Karthave! ninnodulla cherchayil ninnu akannu pokathirippan njangal agrahikkunnu. Papam njangale purathakkiyenkilum Ninte aardra sneham njangale akathu kayattaname, papam njangalkkayi pathiyirunnu dayavu koodathe njangale valare murivel ppichirikkunnu Maha Vaidyanayullove njangale vedanappeduthunna murivu kale Nee sawkyamakkaname.

Dushtan njagalkkai valavachu avante keniyil njangale akappeduthiyirikkunnu. Nee avante keniye thakarthu apakadathil ninnu njangale rakshikkaname. Nalla Idayanayullove kaanathe poya aadine anweshichu purappedaname. Athinte jeevane anweshikkunna dushtante kailkalil athine vittukodukkaruthe.

Sakalavum kelkunnavanum prarth anakal Kaikkollunnavanumaya Daivame njangalude apeksha kettu njangaloudue karunaycheyyaname.

## Maalakhamarude Sthuthippu

Athyunnathagalil swargeeya maalakhamaarum, pradhana maalakha maarum sthuthikkunnathupole belaheen arum manmayarumaaya njangalum sthuthichu parayunnu.

Ellakaalathum ella nerathum uyara ngalil Daivathinnu sthuthiyum / bhoomiyil

/ ഭൂമിയിൽ സമാധാനവും നിരപ്പും, മനുഷ്യർക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും / വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗാധിപതിയും സ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ / നിന്നെയും യേശു മിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! / വിശുദ്ധറൂഹായോടുകൂടെ നിന്നെയും / നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു

പിതാവിന്റെ പുത്രനും വചനവും, ലോകത്തിന്റെ പാപത്തെ വഹിച്ചവനും / വഹിക്കുന്നവനുമായ ദൈവത്തിന്റെ കുഞ്ഞാടായുള്ളോവേ! / ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായുള്ളോവേ! / നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

പിതാവിന്റെ വലത്തു ഭാഗത്ത് മഹത്വത്തോടു കൂടിയിരിക്കുന്നവനേ! / ദയവുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു / പിതാവായ ദൈവത്തിന്റെ മഹത്വത്തിന് / വിശുദ്ധ റൂഹായോടു കൂടെ/ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു / ആമ്മീൻ.

എല്ലാക്കാലവും ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും / നിന്നെ വാഴ്ത്തുകയും / എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യതയുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ / സ്തുതിക്കുകയും ചെയ്യും.

samadhaanavum nirappum aarkku nalla sharanavum undaayirikkatte.

Njangal Ninne sthuthikkukayum vazhthukayum vannikayum cheyyunnu. Sthuthiyude shabdam Ninakku njangal karettunnu.

Sarva shaktiyulla Pithaavum Swarg aadhipathiyum Srishtaavum aayirik kunna Daivammaya Karthave! ninnayum Yesu Massihaaaya eka Puthranayi rikkunna Daivamaya karthave! vishudha rohayodu koode Ninneyum Ninte sthuthyude valuppam nimitham njangal sthothram cheyyunnu.

Pithavinte Puthranum vachanavum, lokathinte paapathe vahichaavanum vahikkunnavanumaaya Daivathinte kunjaadaayullove! Njangalodu karuna cheyyaname.

Lokathinthe papathe vahichavanum, vahikunnavanumayullovae! ninte chevi chayichu njagalude apeksha kaikolla namae

Pithaavinte valathu bhagathu maha thwathodukoodi irikunnavane! dayavu ndayi njangalodu karuna cheyyaname/ Enthennal Nee maathram Parishudha naakunnu. Pithavaya Daivathinte mahathwathinu, visudha Roohayo-dukoode yesumisihayaya nee mathram karthavuaakunnu. Amen.

Ellakaalavum njangal jeevanod irrikunna naalokkeyum Ninne vazthuka-yum ennekkum vazthapettathum yatha yullathumaya ninte Parishudha thirunaa mathe sthuthikkukayum cheyyum.

Njangalude pithaakkaanmarude Dai

ഞങ്ങളുടെ പിതാക്കൻമാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! / നീ വാഴ്ത്തപ്പെട്ടവനാകുന്നു / നിന്റെ തിരുനാമം മഹത്വമുള്ളതും / നീ വാഴ്ത്തപ്പെട്ടവനുമാകുന്നു / നിന്റെ തിരുനാമം മഹത്വമുള്ളതും / നീ എന്നെന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനും ആകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്വം നിനക്കുയുക്തമാകുന്നു / സകലത്തിന്റേയും ദൈവവും സത്യത്തിന്റെ പിതാവുമായവനെ! നിനക്കും / ഏകപുത്രനും / ജീവനുള്ള വിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു / അത് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും തന്നെ / ആമ്മീൻ

മോറാനേശുമിശിഹാ നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുമ്പിൽ നീ അടയ്ക്കരുതേ / കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്ന് ഏറ്റു പറയുന്നു / ഞങ്ങളോടു കരുണ ചെയ്യണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞു പോകുവാനായിട്ട് / നിന്റെ സ്നേഹം നിന്റെ പക്കൽ നിന്ന് / ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി / ഞങ്ങളുടെ കരുണ ചെയ്യണമേ.

## പ്രഭാതം

കൗമാ

ദൈവമേ! നിന്റെ കൃപപോലെ എന്നോട് കരുണചെയ്യണമേ / നിന്റെ കരുണയുടെ ബഹുത്വംപോലെ എന്റെ പാപങ്ങളെ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി / എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമേ / എന്തെന്നാൽ ഞാൻഎന്റെ അതിക്രമ

vamaaya sarvashaktyulla Karthave! Nee vazthapettaavanaakunnu. Ninte thiru naamam mahatwamullathum Nee vazthapattavanrakunnu. Ninte thiru namam mahathvam ullathum nee ennekkum mahatwangalil praabalyamull avanum aakunnu.

Sthuthi Ninakku yogyamaakunnu. Mahatwwam Ninakku yuktham aakunnu. Sakalathinteyum, Daivavum sathyathinte Pithaavum aayavane! Ninakkum Eka Puthranum Jeevanulla Vishudha Roohaykum pukazhcha cherchayakunnu. Athu ippozhum ella samayathum ennekkum thanne. Amen.

Moranesumisiha ninte karunaude vathil njangalude munpil / nee adaykk aruthya karthave njangaul papikalak unnu ennu yettu parayunnu niangalodu karuna cehyyaname

Karthave ninte maranathal njang lude maranam manjupokuvanayittu ninte sneham ninte pakkal ninne njangalude adukkalaykke ninne erakki njangalodu karuna chayianname

## Prabhatham

Kumaa

Daivame! Ninte krupa pole ennodu karuna cheyaname. Ninte karunayude bahutham pole ente paapangale maayichu kalayaname.

Ente anyaayathil ninnu enne nanaayi kazhuki, ente paapangalil ninnu enne vedippakkaname. Enthennal njaanente athikramangale ariyunnu. Ente paapan

ങ്ങളറിയുന്നു / എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു / നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു / അത് നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്‌വാനായിട്ടുതന്നെ / എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു / പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമേ; ഞാൻ വെടിപ്പാക്കപ്പെടും. / അതിനാൽ എന്നെ നീ വെണ്മയാക്കണമെ. ഉറച്ചമഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. എന്റെ ·ക്ഷീണതയുള്ള അസ്ഥികൾ സന്തോഷിക്കും / എന്റെ പാപങ്ങളിൽനിന്ന് തിരുമുഖം തിരിച്ച് / എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചുകളയണമേ.

ദൈവമേ വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കേണമേ / സ്ഥിരതയുള്ള നിന്റെ ആത്മാവിനെഎന്റെ ഉള്ളിൽ പുതുതാക്കണമേ/നിന്റെ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ / നിന്റെ വിശുദ്ധാത്മാവിനെഎന്നിൽനിന്ന് എടുക്കയുമരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമേ / മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ / അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

galum eppozhum ente nere irikkunu.

Ninakku virodhamayithanne njan paapam cheythu. Ninte thirumunpil thin makal njan cheythu. Athu Ninte vachanathil nee neethieekarikkappedu-kayum. Ninte nyayavidhikaalil Nee jaayilkkukayum cheyvanayittutu thanne. Enthennal anyaayathil njaan udbavichu. Paapngalil ente mathauv enne gharbam dharikkukayum cheythu.

Ennal neethiyil Nee ishtapettu. Ninte njaanathintte rahasyangal enne ariyichu. Sopukondu entemel thalikkaname njan vedippakappedum. Athinal enne Nee venmayaakkaname. Uracha manjinakal njan venmayakum.

Ninte aanandavum santhoshavum kondu enne thrupthiaakaname. Enteksh eenathayulla asthikal santhoshikkum. Ente paapangalil ninnu thirumukham thirichu ente athikramangale okkeyum maayichu kalayaname.

Daivame! Vedippulla hrudayate ennil srishtikkename. Sthirathayulla Ninte athmavine ente ullil puthuthaakkaname. Ninte munpil ninnu thallikalayaruthe. Ninte visudhalmavine ennil ninnu edukkayumaruthe.

Ennallo ninte anandavum rakshayum enikku thiriuchu tharaname. Mahath wamulla ninte athmve enne thaangu maarakaname. Appol njaan athikram akkare, ninte vazhi padippikkum. Paapikal ninkalekku thiriyukayum cheyyum.

Ente rakshayude Daivamaaya Daivame! raktha pathakathil ninnu enne

സ്തുതി പാടുവാൻ / മാലാഖമാരുടെ സ്തോത്രശബ്ദത്താൽ ഞങ്ങളെ ഉണർത്തണമെ / ഞങ്ങളുടെ കർത്താവും ദൈവവുമേ / ഞങ്ങളോടു കരുണയുണ്ടാകണമേ / നിനക്കു സ്തോത്രം പാടുവാൻ / ഞങ്ങളുടെ അധരങ്ങൾ തുറന്നിരിക്കുന്നു / സകലത്തിന്റെയും കർത്താവും / സ്വഭാവത്തിൽ കാരുണ്യവാനും / വളരെ കൃപയും സത്യവും ഉള്ളവനും ആയ ദൈവമേ! / സത്യവിശ്വാസത്താൽ സ്തോത്രത്തോടെ നിങ്കലേക്കു തിരിഞ്ഞുവന്ന് / നിന്റെ ദൈവത്വത്തിന് കൃതജ്ഞതയർപ്പിക്കുന്ന / നിന്റെ ആട്ടിൻകൂട്ടത്തോട് കരുണയും ദയയും തോന്നണമേ.

നിനുവാക്കാരുടെ അനുതാപം ലോകത്തിന് ഒരു മാതൃകയായിത്തീരുകയും / അതിനാൽ ദൈവം അവരോടു നിരപ്പാകുകയും ചെയ്തതുപോലെ / കർത്താവേ! / ശിക്ഷാവിധിയെ ഞങ്ങളിൽ നിന്ന് നീക്കിക്കളയുകയും / വീണുപോകാതെയിരിപ്പാൻ കരുണയോടെ ഞങ്ങളെ താങ്ങുകയും ചെയ്യണമെ.

നിനുവാക്കാരുടെ മേൽ കരുണ ചെയ്തവനായ ഉത്തമനാഥനേ! / നിന്നോടപേക്ഷിക്കുന്ന ഞങ്ങളുടെ മേൽ കരുണ വർഷിക്കണമേ / ഞങ്ങളിൽ നിന്ന് ശിക്ഷകളും ക്രോധത്തിന്റെ വടികളും നീക്കിക്കളയണമേ / ഞങ്ങളുടെയിടയിൽ നിന്റെ സമാധാനവും ശാന്തിയും വർദ്ധിപ്പിക്കണമേ / ശത്രുക്കൾ മൂലമുള്ള ഉപദ്രവങ്ങളിൽ നിന്ന് ഞങ്ങളെ കാത്തുകൊള്ളണമേ / ഞങ്ങൾ നിന്റെ ദൈവത്വത്തിന് എല്ലായ്പ്പോഴും സ്തുതി കരേറ്റുമാറാകണമേ / കർത്താവേ നിന്റെ വാതിൽക്കൽ ഞങ്ങൾ മുട്ടുന്നു / നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കരുണ ഞങ്ങൾ യാചിക്കുന്നു / ഞങ്ങൾ പാപത്തിൽ തഴമ്പിച്ച് നിന്റെ വഴി

sthothra sabdathal njangale unarthaname. Njangalude karthavum Daivavume njangalode karunayundakaname. ninakku Sthothram paduvan njangalude adharangal thurannirikkunnu. Sakalathinteyum karthavum swabhavathil karunyavanum valare krupayum sathyavum ullavanum aya Daivame sath yaviswasathal sthothrathode ningaleku thirinjuvannu, ninte daivathwathinu kruthanjatharppikkunna ninte aattin koottathodu karunayum dayayum thonnaname.

Ninuvakkarude anuthapam lokathinu oru mathrukayaayitheerukayum, athinal Daivam avarodu nirappakukayum chaithathupole, Karthave sikshavidiye njangalil ninnu neekkikalayukayum veenu pokatheyirippan karanayode njangale thangukayum cheyyaname.

Ninuvakkarude mel karuna chaithavanaya uthamanathane ninnodu apekshikkunna njangalude mel karuna varshikkename. Njangalil ninnu siksh akalum krothathinte vadikalum neekkikalayaname. Njangalude idayil ninte samadhanavum santhiyum vardhi ppikkename. Sathrukkal moolammulla upadravangalil ninnu njangale kathu kollename. Njangal ninte daivathwathinu ellayippozhum sthuthi karettumarakaname. Karthave Ninte vathilkal njangal muttunnu, Ninte sree bhandarathil ninnu karuna njangal yachikkunnu. Njangal papathil thazham bichu ninte vazhi vittu nadakkunnu. Njangalude papangale yettuparanju avayil ninnu pinmaruvanum

വിട്ട് നടക്കുന്നു / ഞങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് അവയിൽ നിന്ന് പിൻമാറുവാനും / നിന്റെ കൃപയിൽ ജീവിപ്പാനും ഞങ്ങൾക്ക് ഇടയാകണമേ.

കർത്താവേ! കരുണ നിറഞ്ഞിരിക്കുന്ന നിന്റെ വലിയ വാതിൽ തുറന്ന്/ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോട് കരുണ ചെയ്യണമേ / സകലവും കേൾക്കുന്നവനും / പ്രാർത്ഥനകൾ കൈക്കൊള്ളുവാനും ആയുള്ളോവേ! / ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

## നോമ്പിലെ പ്രഭാത സ്തുതിപ്പ്

സകലത്തിന്റെയും ഉടയവനായ കർത്താവേ! / നിന്റെ കരുണയാൽ ഇന്നേ ദിവസം / പാപം കൂടാതെയിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ / നീതിയിൽ ഞങ്ങൾ പാലിക്കപ്പെടണമേ.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ! / നീ വാഴ്ത്തപ്പെട്ടവനാകുന്നു / നിന്റെ തിരുനാമം എന്നേക്കും പുകഴ്ത്തപ്പെട്ടതും / സ്തുതി ക്കപ്പെട്ടതും ആകുന്നു / കർത്താവേ! ഞങ്ങളുടെ ശരണം നിന്റെ മേൽ ഇരിക്കുന്ന പ്രകാരം / നിന്റെ കൃപയും കരുണയും ഞങ്ങളുടെ മേൽ ഉണ്ടായിരിക്കണമേ.

നീവാഴ്ത്തപ്പെട്ടവനാകുന്നു / നിന്റെ കൽപ്പനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമേ.

നി വാഴ്ത്തപ്പെട്ടവനാകുന്നു / നിന്റെ കൃപകൊണ്ട് നിന്റെ ന്യായപ്രമാണത്തിന്റെ വഴി ഞങ്ങളെ തിരിച്ചറിയിക്കണമേ.

നീ വാഴ്ത്തപ്പെട്ടവനാകുന്നു / പരിശുദ്ധനായ കർത്താവേ! / നിന്റെ സകല പ്രകാശങ്ങളാലും ഞങ്ങളെ പ്രകാശിപ്പിക്ക

nintekripayil jeevippannum njangalkku edayakaname.

Karthave, karuna niranjirikkunna ninte valiya vathil thurannu njangalude apeksha kettu njangalodu karuna cheyyaname. Sakalvum kelkkunnavanum prarthanakal kaikkollunnavanum aayullove njangalude apeksha kettu njangalodu karuna cheyyename.

## Nombile Prabhatha Sthuthippu

Sakalathinteyum Udayavanaya Karthave, Ninte karunayaal yinne divasam, paapam koddatheyirippaan njangale yogyarakkename, neethiyil njangal palikkappedaname.

Njangalude pithakkanmarude Daiva maya Karthave Nee vazhthappettavanakunnu. Ninte Thirunammam yennek kum pukazhthappettathum sthuthik kappettathum aakunnu. Karthave njangalude saranam ninte melyirik kunna prakaram Ninte krupayum karuna yum njangaludemelum undayirikkename.

Nee Vazthappettavanakunnu, ninte kalpanakalude vazhi njangale padippikkename.

Nee vazhthappettavanakunnu, Ninte Krapa konde Ninte Nyayapramanathinte vazhi niagale thirichariyikkaname.

Nee vazthappettavanakunnu parisud hanaya karthave ninte sakala prakasa ngalalum njangale prakasippikkaname.

ണമെ / എന്നേക്കും നിന്റെ കരുണ ഞങ്ങളുടെ മേൽ ഉണ്ടായിരിക്കണമേ / കർത്താവേ നിന്റെ കൈവേലയെ നീ ഉപേക്ഷിച്ചു കളയരുതേ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ! / സ്തുതി നിനക്കു യോഗ്യമാകുന്നു / മഹത്വം നിനക്കു ചേർച്ചയാകുന്നു / പുകഴ്ച നിനക്ക് ന്യായമാകുന്നു / അത് ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും തന്നെ / ആമ്മീൻ.

## സാധാരണ പ്രഭാത സ്തുതിപ്പ്

കർത്താവിനെ സ്തോത്രം ചെയ്യുന്നതും / അത്യുന്നതമായ തന്റെ നാമത്തിനു പാടുന്നതും / പ്രഭാതകാലത്ത് തന്റെ കൃപയും / രാത്രികാലത്ത് തന്റെ വിശ്വാസവും അറിയിക്കുന്നതും എത്ര നല്ലതാകുന്നു.

കർത്താവേ! പ്രഭാത സമയത്ത് എന്റെ ശബ്ദം കേൾക്കണമേ / പ്രഭാത സമയത്ത് ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടുമാറാകണമേ / കർത്താവേ! നിന്റെ ജനത്തോടു കരുണ ചെയ്യണമേ / കർത്താവേ! ഞങ്ങളെല്ലാവരുടെയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമേ.

പരിശുദ്ധനായുള്ളോവേ! നിന്റെ വലതു തൃക്കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് / നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തെ സൗഖ്യമാക്കണമേ, ആമ്മീൻ.

Ennekkum ninte karuna njangalude mel undayirikkaname. Karthave ninte kaivelaye nee upekshichu kalayaruthe.

Pithavum Puthranum Parisudha Qathmavumayullove sthuthi Ninakku Yogyamakunnu, Mahatwam Ninakku cherchayakunnu, Pukazcha Ninakku nyayamakunnu. athuyippozhum ellayippozhum thanne Amen.

## Sadharana Prabhatha Suthuthipu

Karthavine sthothram cheyyunnathum athyunnathamaya thante namathinu padunnathum prabhathakalathu thante kripayum rathrikalathu thante vishvasvum ariyikkunnathum ethra nallathakkunnu.

Karthave! prabhatha samayathu ente sabdham kelkaname.Prebhatha samayathu njan orungi ninakku kanappedumarakaname. Karthave! Ninte janathodu karuna chaivaname. Karthave! njagalellavarudeyum papangal parihavichu kshmikkaname.

Parisudhanaullove! ninte valathu thrikkai njangaludemel avasippichu ninte thirunamam nimitham njangalude paparogathe saukyamakkaname,

Amen.

## മൂന്നുനോമ്പിലെ ഉച്ച നമസ്കാരം

(ഇതിൽ ഉച്ചയും മൂന്നാംമണിയും ഒമ്പതാം മണിയും ഉൾപ്പെടുന്നു. ഉച്ചയ്ക്ക് പ്രത്യേകം നമസ്ക്കരിക്കുന്നതിന് സൗകര്യപ്പെടാത്തവർ പ്രഭാതനമസ്ക്കാരത്തോടു കൂടി ഇതും ചൊല്ലേണ്ടതാണ്.)

### (കൗമാ)

കർത്താവേ! സങ്കടത്തോടുകൂടിയ അപേക്ഷയെ നിനക്കു ഞങ്ങൾ സമർപ്പിക്കുന്നു / നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് / ദയവും കരുണയും പാപമോചനവും ഞങ്ങൾ യാചിക്കുന്നു / നിനുവക്കാരുടെ അപേക്ഷപോലെ / ഞങ്ങളുടെ അപേക്ഷയെ നീ കൈക്കൊള്ളണമേ / നിന്നെ വിളിക്കുന്നവരിൽ നിന്ന് കോപത്തെ നീക്കിക്കളയണമേ / ഉത്തമനും കരുണാപൂർണ്ണനുമായുള്ളോവേ / നിന്റെ ആർദ്രകരുണയാൽ ഞങ്ങളോടു ദയവുണ്ടാകണമേ.

നിനുവയിലെ രാജാവും പ്രജകളും, ഒരുമിച്ച് ഉപവസിച്ച് / പൂർണ്ണ ഹൃദയത്തോടെ അനുതപിച്ച് പ്രാർത്ഥിച്ചപ്പോൾ / അവരെ കൈക്കൊണ്ടവനായ ദൈവമേ! / നീ കരുണയുടെ കടലാകുന്നുവല്ലോ / പാപികളോടുള്ള നിന്റെ ശിക്ഷയും കരുണയോടുകൂടിയതാകുന്നു / മനസ്സലിവും അനുതാപവും നിനക്ക് സന്തോഷമുള്ളതും / കണ്ണുനീരുകൾ നികൽ അംഗീകരിക്കപ്പെട്ടതും ആകുന്നു / ആകയാൽ കർത്താവേ! നിന്റെ സന്നിധിയിൽ നിന്നുകൊണ്ട് / പ്രാർത്ഥിക്കുന്നവരായ ഞങ്ങളോട് ദയ തോന്നണമേ / ഞങ്ങളെ എല്ലാവരേയും നീ കാത്തുകൊള്ളേണമേ / ഞങ്ങളുടെ നോമ്പും നമസ്ക്കാരങ്ങളും കൈക്കൊണ്ട് / ഞങ്ങൾക്ക് പാപമോചനം നൽകണമേ.

തന്നോടു പ്രാർത്ഥിച്ച നിനുവാക്കാ

## Moonnu Nombile

Ucha Namaskaram

(Ethil uchayum moonnam maniyum onbatham maniyum ulpedunnu. Uchackke prathyekam namaskarickkunnathine saukarya pedatthavar prabhatha namaskare thodukoodi ethum chollendathane)

### Kauma

Karthave sangadathodu koodiya apekshaye Ninakku njangal samarppikkunnu, Ninte Sree Bhandarathil ninnu dayayum karunayum papamojanavum njangal yajikkunnu. Ninuvakkarude apekshapole njangalude apekshaye Nee kaikkollename. Ninne vilikkunn-avaril ninnu kopathe neekkikalayaname. Utthamanum karunapoornnanum aayullove Ninte aardrakarunayal njangalodu dayavundakaname

Ninuvayile rajavum prajakalum orumichu upavasichu poorna hrdayathodu anuthapichu prarthichappol avare kaikkondavanaya Daivame Nee karunayude kadalaakunnuvallo. Paapikalodulla Ninte sikshayum karunayodu koodiyathakunnu. Manassalivum anuthapavum Ninakku santhoshamullathum, kannuneerukal ningal angeekarikkappettathum aakunnu. Aakayal Karthave, Ninte sannithiyil ninnukondu prarthikkunnavaraya Njangalodu daya thonnaname. Njangale yellavareyum Nee kathukollaname. Njangalude nombum namaskarangalum kaikkondu njangalkku paapamojanam nalkaname.

Thannodu prarthicha Ninuvakkarude kannuneerine kaikkondavanaya

രുടെ കണ്ണുനീരിനെകൈക്കൊണ്ടവനായ ദൈവമേ! / ഞങ്ങളെല്ലാവരുടേയും പ്രാർത്ഥനകളെ കൈക്കൊള്ളണമേ / നീ അവരോട് ഉത്തരമരുളിച്ചെയ്തതുപോലെ / നിന്റെ കൃപയാൽ പാപികളായ ഞങ്ങളോടും ഉത്തരമരുളിച്ചെയ്യണമേ / നല്ലവനും അനുതാപികളെ കൈക്കൊള്ളുന്നവനും നീ മാത്രമാകയാൽ / നിന്റെ കരുണമൂലം ഞങ്ങളോടു ദയവുണ്ടാകണമേ / ചേലയില്ലാത്തവരായ നിനുവക്കാർ / യോനായുടെ പ്രസംഗം കേട്ട് അനുതപിച്ചുവല്ലോ / ഞങ്ങളോ വിശുദ്ധ പുസ്തകങ്ങൾ ഉപദേശിക്കുന്നതിനെ രാവും പകലും കേട്ടിട്ടും, / അഹങ്കാരത്തോടും ഹൃദയകാഠിന്യത്തോടും കൂടിയിരിക്കുന്നു / ഞങ്ങളുടെ ഹൃദയത്തിന് വിനയവും അനുതാപവും നൽകണമേ.

കർത്താവെ! നിനവാക്കാരെപ്പോലെ / നിന്റെ ഇടവകയിലെ ആടുകൾ നിന്നെ നോക്കി വിളിക്കുന്നു / കരുണയും ദയയും ഉള്ള നാഥാ! / ഞങ്ങളുടെ അപേക്ഷയെ നീ കൈക്കൊള്ളണമെ / ഞങ്ങൾക്കെതിരായുള്ള ന്യായത്തീർപ്പിനെ നീ മായിക്കേണമേ / ഞങ്ങളുടെ വീഴ്ച്ചക്കായി ആഗ്രഹിക്കുന്ന സാത്താൻ സന്തോഷിക്കുമാറാകരുതേ.

ഉത്തമനും ദയാലുവുമായുള്ളോവേ! / നിന്റെ കരുണയുടെ പതിവിൻ പ്രകാരം, കൃപതോന്നി / ഞങ്ങളോട് ഉത്തരമരുളിച്ചെയ്യണമേ / ഞങ്ങളുടെ പാപങ്ങളുടെ പെരുപ്പം നിമിത്തം / നിന്റെ കോപം ഞങ്ങളെ നശിപ്പിക്കരുതേ / ഞങ്ങളുടെ ബലഹീനവർഗ്ഗത്തിനു വേണ്ടി / പീഡനവും കുരിശുമരണവും സഹിപ്പാൻ / നിന്നെ നിർബന്ധിച്ചതായ കരുണ / ഞങ്ങൾക്കുവേണ്ടി നിന്നോട് അപേക്ഷിക്കുമാറാകണമേ.

Daivame njangal ellavarudeyum prarthanakale kaikkollaname. Nee avarodu uthram aruli cheyyaname. Nallavanum anuthapikale kaikkollunnavanum Nee mathramkayal Ninte karuna moolam njangalodu dayavundakaname. Chelayillathavaraya Ninuvakkar Yonayude prasangam kettu-anuthapichuvallo njangalo Visudha Pusthakangal upadesikkunnathine ravum pakalum kettittum ahakkarathodum, hrudaya kadinnyathodum koodiyirikkunna njangalude hrudayathinu vinayavum anuthapavum nalkaname.

Karthave, Ninuvakkareppole, Ninte Idavakayile aadukal Ninne nokki vilikkunnu. Karunayum dayayum ulla Natha njangalude apekshaye Nee kaikkollaname. Njangalkkethirayulla nyayatheerppine Nee mayikkaname Njangalude veezhchakkayi agrahikkunna sathan santhoshikkumarakaruthe.

Uthamanum Dayullavanum aayullove, Ninte karunayude pathivin prakaram krupathonni njangalodu Utharam arulicheyyaname. Njangalude papa-galude peruppam nimitham, Ninte kopam njangale nasippikkaruthe. Njangalude balaheenavargathinu vendi peeda navum Kurisumaranavum sahippan Ninne nirbandhichathaya karuna, njangalkuvendi Ninnodu apekshikkumarakaname.

## മാർ സേവേറിയോസിന്റെ അപേക്ഷ

നിന്നെ പ്രസവിച്ച മാതാവിന്റെയും/ നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ / സ്വഭാവപ്രകാരം മരണമില്ലാത്തവനും / തന്റെ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവന്റേയും ജീവനും രക്ഷയ്ക്കും വേണ്ടി വന്ന് / വിശിദ്ധിയും മഹത്വവും വെടിപ്പുമുള്ള / ദൈവമാതാവായ കന്യകമറിയാമിൽ നിന്ന് / ഭേദം കൂടാതെ മനുഷ്യനായിത്തീരുകയും/ ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെടുകയും ചെയ്തവനായി / സ്വർഗ്ഗീയ പിതാവിന്റെ ഏകപുത്രനും വചനവും രാജാവുമായ / എന്റെ കർത്താവേ! നിന്നെ ഞാൻ പുകഴ്ത്തും.

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവുട്ടിക്കൊന്നവനും / വിശുദ്ധ ത്രിത്വത്തിൽ ഒരുവനും / തന്റെ പിതാവിനോടും / ജീവനുള്ള തന്റെ റൂഹായോടും കൂടെ / ഒരുമിച്ചു വന്ദിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ / ഞങ്ങളെല്ലാവരോടും കരുണചെയ്യണമേ.

### കൗമാ

വിശ്വാസപ്രമാണം

(തുടർന്ന് താഴെക്കാണുന്ന നിർത്തുകൾ ഓരോന്നും പത്തു പ്രാവിശ്യം ചൊല്ലി കുമ്പിടണം)

1. കുറിയേലായിസ്സോൻ. കുറിയേ......
   കുറിയേ......
2. ഞങ്ങളുടെ കർത്താവേ ഞങ്ങളോടു
   . കരുണ ചെയ്യണമേ.......
3. ഞങ്ങളുടെ കർത്താവേ ദയവു

## Mar Severiyusinte Apeksha

Ninne prasavicha Mathavinteyum Ninte sakala parishudhanmaarudeyum praardhanayaal, sobhavaprekaram mara namillattavanum, thante kripayal manu shavargum muzhuvanteyum jeevnum rakshaykumvendi vannu, visu dhiyum mahathavavum vedippumulla daivama thavaye kanyakaariyamil ninnu, bhedam kudathe manushyanayit heerukayum njangalku vendi kurisikkap edukayum cheithavanayi swargeeya pithavinte eakaputhranum, vachanavum rajavu maya ente karthave! ninne njan pukazthum.

Thante maranathal njangalude maranathe chavittikonnavanum visudha thrithwathil oruvanum, thante pitha vinodum, jeevanulla thante rooh ayodum koode orumlchu vanrdikka ppedunnava numaya njangalude, misihathtam burane!, njangalellavarodum karuna cheyyaname

### Kauma

Viswasa pramanam

(Thudarnu Thazhe kanuna Nirthukal oronnum pathu pravisyam cholli Kumbidanam)

1. Kurilaisson.....
   Kurilaisson........
2. Njangalude karthave njangalodu
   karuna cheyyaname........
3. Njangalude karthave dayavun-

തോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.......

4. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമേ......

ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി! ഞങ്ങളുടെ ശരണവുമെ എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......

കൃപനിറഞ്ഞ മറിയമേ......

## സമാപന പ്രാർത്ഥന

**ലീഡർ:** പിതാവായ ദൈവത്തിന്റെ സ്നേഹവും ഏക പുത്രന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംബന്ധവും ആവാസവും ഞങ്ങളേവരുടെയും കൂടെ ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും ഉണ്ടായിരിക്കണമേ.

ആമ്മീൻ

thonni. njangalodu karuna cheyyaname.......

4. Njangalude karthave utharam arulicheyithu njangalodu karuna cheyyanme......

Njangalude karthave ninakku sthuthi. Njangalude karthave ninakku sthuthi. Njangalude saranavume ennekkum ninakku sthuthi. Barekmor.

Swargasthanaya Pithave.......

Krupa niranja Mariame........

## Samapanam

Leeder: Pithavaam Daivathinte Snehavum, eka Puthrante krupayum, Parishudhathmavinte sambandhavum, avasavum njangal ellavarodum koode eepozhum, ellayepozhum ennekkum undayirrikename

Amen.